18-03-2023

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/03/2023.

1. വയനാട് ജില്ലയിലെ 2021 -22 വർഷത്തെ ജില്ലാ തല കർഷക പുരസ്കാര വിതരണവും മികച്ച ജന്തു ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള അവാർഡ് വിതരണവും ജില്ലയിലെ പന്നി കർഷകർക്കുള്ള ധന സഹായ വിതരണവും ഇന്ന് (18.03.23) രാവിലെ 10 മണിക്ക് മാനന്തവാടി ക്ഷീര സംഘം ഹാളിൽ വച്ച് ബഹു മാനന്തവാടി എം എൽ എ ഓ ആർ കേളു നിർവഹിക്കുന്നു. ഇതോടനുബന്ധിച്ചു കർഷകർക്കായി ശാസ്ത്രിയമായ പശു ,പന്നി പരിപാലനത്തെ കുറിച്ച് ബോധവത്കരണ സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിന് ധനസഹായം നൽകി വരുന്നു.

സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യ നിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ (25 അംഗങ്ങളുള്ള) തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുള്ളതായിരിക്കും. സമതല പ്രദേശങ്ങളിലെ ധന സഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോര പ്രദേശങ്ങൾക്ക് 15% അധിക ധന സഹായവും അനുവദിക്കുന്നതാണ്.

പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് (9 മീറ്റർ x 6 മീറ്റർ) 2 ലക്ഷം രൂപയും, കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടുകൂടിയ സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് (9 മീറ്റർ x 18 മീറ്റർ) സമതല പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 25 ലക്ഷം രൂപയും, പ്രീ-കൂളിംഗ് യൂണിറ്റുകൾക്ക് (6 മെട്രിക് ടൺ) സമതല പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും, ശീതീകരണ മുറികൾക്ക് (30 മെട്രിക് ടൺ) യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും, പരമാവധി

5000 മെട്രിക് എന്ന പരിധിയ്ക്ക് വിധേയമായി കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 1) സമതല പ്രദേശങ്ങളിൽ 2800 രൂപ/മെട്രിക് ടണ്ണും, മലയോര പ്രദേശങ്ങളിൽ 4000 രൂപ/മെട്രിക് ടണ്ണും, കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 2) സമതല പ്രദേശങ്ങളിൽ 3500 രൂപ/മെട്രിക് ടണ്ണും, മലയോര പ്രദേശങ്ങളിൽ 5000 രൂപ/മെട്രിക് ടണ്ണും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ 9383471782 എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

3. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴി വളം കിലോയ്ക്ക് 3 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ 0471-2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "തേനീച്ച വളർത്തൽ" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2023 മാർച്ച് 20 ന് തുടങ്ങുന്നു . കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇതിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഈ കോഴ്സിൽ ചേരുന്നതിന് 2023 മാർച്ച് 19 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ മൊബൈൽ ഫോൺ (സ്മാർട്ട് ഫോൺ) ഉപയോഗിച്ചോ പഠനം നടത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 20 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

5. കുരുമുളകിന്റെ കൊടിത്തലകൾ മുറിച്ചു വേരുപിടിപ്പിക്കുന്നതിനു അനുയോജ്യമായ സമയമാണിപ്പോൾ. കൊടിയുടെ ചുവട്ടിൽ നിന്നുണ്ടാകുന്ന ചെന്തലകളുടെ നടുവിലെ മൂന്നിലൊന്നു ഭാഗമാണ് ഇതിനായി ഉപയോഗിക്കുന്നത്. ഇല ഞെട്ട് തണ്ടിൽ നിൽക്കത്തക്കവിധം രണ്ടോ മൂന്നോ മുട്ടുകളുള്ള കഷണങ്ങളാക്കി മുറിച്ച് തണ്ടുകൾ പോട്ടിങ്മിശ്രിതം നിറച്ച കവറുകളിലോ തവാരണയിലോ നടാവുന്നതാണ്. നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കാതെ തണ്ടുകളെ തണൽ നൽകി സംരക്ഷിക്കുകയും ദിവസവും 2 – 3 നനയും നൽകുക. ഇങ്ങനെ വേരുപിടിപ്പിക്കുന്ന തൈകൾ ജൂൺ – ജൂലൈ മാസങ്ങളിൽ നടീലിനായി ഉപയോഗിക്കാവുന്നതാണ്. എല്ലാവർഷവും മാർച്ച് – ഏപ്രിൽ മാസങ്ങളിൽ കുരുമുളക് തോട്ടത്തിലെ താങ്ങുമരങ്ങൾ കോതി ഒതുക്കി അവയുടെ വളർച്ച ക്രമീകരിക്കണം. താങ്ങുമരങ്ങളുടെ ഉയരം 6 മീറ്ററായി നിലനിർത്താനും ശ്രദ്ധിക്കുക. പൊതുവെ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ കുരുമുളകിന് നനയും പുതയിടീലും വളരെ അത്യാവശ്യമാണ്. വേനൽ കഴിയുന്നത് വരെ ഇളം തൈകളെ മുഴുവനായും കവുങ്ങിൻപട്ട കൊണ്ടോ തെങ്ങിൻപട്ടകൊണ്ടോ ചെറിയ ചില്ലകൾ കൊണ്ടോ പൊതിഞ്ഞു സംരക്ഷിക്കണം. കുരുമുളകിന്റെ തടത്തിൽ അറക്കപ്പൊടി, അടയ്ക്കാത്തൊണ്ട്, ഉണങ്ങിയ ഇലകൾ എന്നിവ കൊണ്ട് പുതയിടുന്നത് വളരെ ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം